"ഭരണഭാഷ - മാതൃഭാഷ"

ഇ1/530/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 20-04-2018.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപകേന്ദ്രം
കൊല്ലം/കോട്ടയം/ എറണാകുളം /തൃശ്ശൂർ/ കോഴിക്കോട്

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - അറ്റൻഡർ ടെസ്റ്റ് പാസാകാത്തവരെ തരം താഴ്ത്തുന്നതു - സംബന്ധിച്ച്.

സൂചന:- 1. കോളേജ് വിദ്യാഭ്യാസ വകുപ്പ് എറണാകുളം ഡെപ്യൂട്ടി ഡയറക്ടറുടെ 14-03-2018 - ലെ കത്തു നം. ഇ2/9304/2017.
2.03-10-2017-ലെ ഡി3/411/2016 നമ്പർ സർക്കാർ കത്ത്.

യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രകാരം തുടർച്ചയായ അഞ്ച് അവസരങ്ങൾ ലഭിച്ചിട്ടും കേരളാ പി.എസ്.സി നടത്തുന്ന അറ്റൻഡർ പരീക്ഷാ പാസാകാതെ സേവനത്തിൽ തുടരുന്ന ലാബ്/ലൈബ്രറി അസിസ്റ്റന്റുമാരെയാണ് സൂചന (2) സർക്കാർ കത്തിനനുസൃതമായി തരം താഴ്ത്തി ശമ്പളം പുനർ നിർണ്ണയിക്കേണ്ടത്. കേരളാ പി.എസ്.സി നടത്തുന്ന അറ്റൻഡർ പരീക്ഷ എഴുതുന്നതിന് തുടർച്ചയായ അഞ്ച് അവസരങ്ങൾ ലഭിക്കാത്ത ലാബ്/ലൈബ്രറി അസിസ്റ്റന്റുമാർക്ക് സൂചന (2) സർക്കാർ കത്ത് ബാധകമല്ല. ഇത്തരക്കാരെ തരം താഴ്ത്തേണ്ട ആവശ്യമില്ല. മേൽ പ്രസ്താവിച്ച രണ്ടു തരം ജീവനക്കാരുടെയും പെൻഷനാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചില്ലായെങ്കിൽ കാലതാമസം ഉണ്ടാകുന്ന കാലയളവിലെ പിഴ പലിശ നൽകേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്കു മാത്രമായിരിക്കും എന്ന വിവരം അറിയിക്കുന്നു. പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് അടിയന്തിരമായി പെൻഷൻ ലഭിക്കുന്നതിന് LPC ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതാണ്. സൂചന (2) സർക്കാർ കത്തിന് വിധേയമായി തരംതാഴ്ത്തിയ ജീവനക്കാർക്ക് ശമ്പള നിർണ്ണയം നടത്തി പെൻഷനാനുകൂല്യങ്ങളിൽ അധികതുക കണ്ടെത്തുന്ന പക്ഷം ടി ജീവനക്കാരുടെ DCRG യിൽ നിന്നും ഈടാക്കാവുന്നതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
//അംഗീകാരത്തോടെ//

പകർപ്പ്:-
സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
(ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ - മെയിൽ അയയ്ക്കുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)

സൂപ്രണ്ട്

വിഎസ് 21.04.18
0711910

GOVERNMENT OF KERALA